# ആരോഗ്യ കേരളം
arogyakeralam newsletter

December 2024
Follow us on
arogyakeralam.gov.in




രോഗാണുക്കൾക്കെതിരെ ആന്റിബയോട്ടിക് ഫലിക്കാതെ വരുന്ന അവസ്ഥ (ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ്)

## ബോധവത്ക്കരണവുമായി ആരോഗ്യവകുപ്പ്

# കുറയ്ക്കണം ആന്റിബയോട്ടിക്

കോട്ടയം: ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗം ഉയർത്തുന്ന ഭീഷണികളെക്കുറിച്ച് ശക്തമായ ബോധവത്കരണവുമായി ആരോഗ്യ വകുപ്പ്. രോഗാണുക്കൾക്കെതിരേ ആന്റിബയോട്ടിക് ഫലിക്കാതെ വരുന്ന അവസ്ഥ (ആൻറിമൈക്രോബിയൽ റെസിസ്റ്റന്റ്സ് – എ.എം.ആർ.) ഇന്ന് പൊതുജനാരോഗ്യം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണെന്നാണ് ലോകാരോഗ്യ സംഘടന നൽകുന്ന മുന്നറിയിപ്പ്.

### അമിതമാകരുത് ആന്റിബയോട്ടിക്ക്

ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ തന്നെ സ്വയം ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വാങ്ങിക്കഴിക്കുക, ഡോക്ടറുടെ കുറിപ്പടിയില്ലാതെ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ആന്റിബയോട്ടിക്കുകൾ വിൽക്കുക, ബാക്റ്റീരിയ മൂലമുള്ള അണുബാധയാണെന്നു കൃത്യമായി വിലയിരുത്താതെ അനാവശ്യമായി ആന്റിബയോട്ടിക്കുകൾ കുറിച്ചു നൽകുക, ഡോക്ടർ കുറിച്ച് നൽകുന്ന മരുന്നുകൾ കൃത്യമായും പൂർണമായും കഴിക്കാതിരിക്കുക എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. ആന്റിബയോട്ടിക്കുകൾ ഡോക്ടറുടെ കുറിപ്പടിപ്രകാരം മാത്രം വാങ്ങാനും പൂർണമായും കൃത്യമായും അവ കഴിക്കാനും ശ്രദ്ധിക്കണം. അനാവശ്യമായി ആന്റിബയോട്ടിക്കുകൾ കുറിച്ചുനൽകുന്നത് ഒഴിവാക്കാനും, ആവശ്യം വന്നാൽ തന്നെ റെസിസ്റ്റൻസ് സാധ്യത കുറവുള്ള അക്സസ്സ് ഗണത്തിൽപെട്ട ആന്റിബയോട്ടിക്കുകൾ നൽകാനും ഡോക്ടർമാർ ശ്രദ്ധിക്കണം. ക്ഷീരകർഷകർ ഉൾപ്പെടെയുള്ളവർ മൃഗ ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ പശുക്കൾക്ക് മരുന്നു നൽകുന്നതും മരുന്ന് നൽകിക്കഴിഞ്ഞാൽ പാലിൽ ആന്റിബയോട്ടിക്കിന്റെ അംശം കാണാനിടയുള്ള കാലയളവിനുള്ളിൽ കറക്കുന്ന പാൽ വിൽക്കുന്നതും ഒഴിവാക്കേതുണ്ട്. കോഴി, താറാവ് എന്നിവക്ക് രോഗം വരാതിരിക്കാൻ ആന്റിബയോട്ടിക്കുകൾ നൽകുന്നതും ഇറച്ചിയിലൂടെ ആന്റിബയോട്ടിക്കുകൾ മനുഷ്യ ശരീരത്തിലെത്തിനിടയാക്കും. അണുബാധ ഒഴിവാക്കാൻ മുൻകരുതലായി മൃഗങ്ങൾക്കും മത്സ്യകൃഷിയിലും ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നത് അപകടകരമാണ്. അണുബാധയുണ്ടായാൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രമാണ് ആന്റിബയോട്ടിക്കുകൾ മൃഗങ്ങൾക്കും നൽകേണ്ടത്.

ആന്റിബയോട്ടിക്കുകൾ സ്ഥിരമായി മനുഷ്യശരീരത്തിലെത്തിക്കഴിഞ്ഞാൽ അവ മരുന്നുകൾക്കെതിരെ പ്രതിരോധം നേടിയിട്ടുള്ള രോഗാണുക്കളെ സൃഷ്ടിക്കുകയും പിന്നീട് സാധാര അണുബാധവന്നാൽ പോലും മരുന്നുകൾ ഫലപ്രദമല്ലാതായിത്തീരുകയും ചെയ്യും. ഇത് ഫലപ്രദമായ ആന്റിബയോട്ടിക്കുകൾ ഇല്ലാത്ത ലോകം സൃഷ്ടിക്കും എന്നാണ് ലോകാരോഗ്യ സംഘടന നൽകുന്ന മുന്നറിയിപ്പ്.

ശസ്ത്രക്രിയ, പ്രസവം, ന്യുമോണിയ, മൂത്രാശയ അണുബാധ, ക്ഷയരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾ എന്നിവ മാത്രമല്ല സാധാരണ ലഘുവായ ഒരു അണുബാധപോലും ചികിത്സിക്കാനാവാതിരിക്കുകയും മനുഷ്യരും മൃഗങ്ങളും മരണമടയുകയും ചെയ്യും എന്നതാണ് വെല്ലുവിളി.




ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങ്.
വാർത്ത പേജ് ഏഴിൽ വായിക്കാം...

# ഒരു ആശുപത്രിയ്ക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## സംസ്ഥാനത്തെ 190 ആശുപത്രികൾ ദേശീയ ഗുണനിലവാരത്തിൽ



കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം

തിരുവനന്തപുരം: സംസ്ഥാനത്തെ ഒരു ആശുപത്രിക്ക് കൂടി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പാലക്കാട് കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം 92.41 ശതമാനം സ്കോർ നേടിയാണ് എൻ.ക്യു.എ.എസ്. നേടിയത്. ഇതോടെ സംസ്ഥാനത്തെ 190 ആശുപത്രികളാണ് ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർന്നത്. ഘട്ടം ഘട്ടമായി പരമാവധി ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ആകെ 190 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 82 ആശുപത്രികൾ പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 129 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രി വികസനത്തിനായാണ് ഈ തുക വിനിയോഗിക്കുന്നത്.


ദേശീയ അംഗീകാര തിളക്കത്തിൽ കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം
പേജ് എട്ടിൽ വായിക്കാം


# ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാരുടെ ആദ്യ റിവ്യൂ മീറ്റിങ്

എറണാകുളത്തു സംഘടിപ്പിച്ചു.



എറണാകുളം ജനറൽ ആശുപത്രിയിൽ നടന്ന ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാരുടെ സംസ്ഥാനതല അവലോകനയോഗം

എറണാകുളം: ആരോഗ്യകേരളത്തിന്റെ പ്രഥമ പദ്ധതിയായ ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാരുടെ ആദ്യ റിവ്യൂ മീറ്റിംഗ് എറണാകുളം ജനറൽ ആശുപത്രിയിൽ ചേർന്നു. ആരോഗ്യസേവനങ്ങൾ ട്രാൻസ്ജെൻഡർ ഉൾപ്പെടെയുള്ള ക്വിയർ വിഭാഗങ്ങൾക്ക്, ലഭ്യമാക്കുന്നതിനും, ക്വിയർ വ്യക്തികളുടെ ഇടയിൽ ആരോഗ്യബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാർ പ്രവർത്തിച്ചു വരുന്നത്.

സംസ്ഥാനത്തെ ആറ് ജില്ലകളിലെ പ്രധാന ആശുപത്രികളിലാണ് ഇവർ നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഈ ജില്ലകളിൽ നിന്നുള്ള 11 ലിങ്ക് വർക്കർമാർ യോഗത്തിൽ പങ്കെടുത്തു. നിലവിൽ ഇവർ ജോലി ചെയ്യുന്ന ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ സേവനങ്ങളെപ്പറ്റിയും, സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഇടപെടലിനെപ്പറ്റിയും യോഗത്തിൽ ചർച്ച ചെയ്തു.

ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണർ ഡോ.അശ്വതി ശ്രീനിവാസ്, എറണാകുളം ഡി.എം.ഒ. ഡോ. ആശാദേവി, ജനറൽ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. ഷഹിർ ഷാ, എസ്. എച്ച്. എസ്. ആർ. സി. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജിതേഷ് കുമാർ, ആരോഗ്യ കേരളം സോഷ്യൽ ഡെവലപ്മെന്റ് ഹെഡ് കെ. എം. സീന, ബി.സി.സി. വിഭാഗം സീനിയർ കൺസൾട്ടന്റ് കെ.പി. ശിനോഷ്, വിവിധ ജില്ലാതല പ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ, എന്നിവർ പങ്കെടുത്തു

# പനിക്ക് സ്വയം ചികിത്സ തേടരുത്: മന്ത്രി വീണാ ജോർജ്

- എലിപ്പനി സാധ്യതയുള്ളവർക്ക് പ്രോട്ടോകോൾ അനുസരിച്ചുള്ള ചികിത്സ സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉറപ്പാക്കണം
- തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ
- സ്റ്റേറ്റ് ആർആർടി യോഗം ചേർന്ന് സംസ്ഥാനത്തെ സ്ഥിതി വിലയിരുത്തി



> മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം

തിരുവനന്തപുരം: ഏത് പനിയും പകർച്ചപ്പനിയാകാൻ സാധ്യതയുള്ളതിനാൽ പനിക്ക് സ്വയം ചികിത്സ തേടരുതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് ഇടവിട്ടുള്ള മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി, എലിപ്പനി എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണം. പ്രാരംഭ ഘട്ടത്തിൽ ചികിത്സിക്കാത്തത് കൊണ്ടാണ് എലിപ്പനി മരണങ്ങൾ പലപ്പോഴും ഉണ്ടാകുന്നത്. എലിപ്പനി സാധ്യതയുള്ളവർക്ക് പ്രോട്ടോകോൾ അനുസരിച്ചുള്ള ചികിത്സ സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉറപ്പാക്കണം. മലിന ജലത്തിലിറങ്ങിയവരിൽ ഡോക്സിസൈക്ലിൻ കഴിക്കാത്തവരിൽ മരണനിരക്ക് കൂടുതലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിനാൽ മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്യണം. കൊതുകിന്റെ ഉറവിട നശീകരണം പ്രത്യേകം ശ്രദ്ധിക്കാനും മന്ത്രി നിർദേശം നൽകി.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ കൊണ്ടുള്ള മരണങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ അടുത്ത രണ്ടാഴ്ച വിലയിരുത്താൻ മന്ത്രി നിർദേശം നൽകി. പബ്ലിക് ഹെൽത്ത് ആക്ടിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി അത് ചർച്ച ചെയ്ത് വിലയിരുത്തി തുടർ നടപടി സ്വീകരിക്കണം. ഗവേഷണ അടിസ്ഥാനത്തിൽ പഠനം നടത്താനായി ഒരു കമ്മിറ്റി രൂപീകരിക്കും.

ഹെപ്പറ്റൈറ്റിസ് എ, മലേറിയ, എച്ച്1 എൻ1 തുടങ്ങിയ രോഗങ്ങളും പൊതുവായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജലജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. സാലഡ്, ചട്ണി, മോര് എന്നിവയിൽ ഉപയോഗിക്കുന്ന വെള്ളവും തിളപ്പിച്ച് ആറ്റിയ വെള്ളം ആയിരിക്കണം. കുടിവെള്ള സ്രോതസുകൾ കൃത്യമായി ക്ലോറിനേറ്റ് ചെയ്യണം. മണ്ണിലും ജലത്തിലും കലരുന്ന മാലിന്യം ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന ഗുരുതരമായ സാഹചര്യമാണ് നേരിടുന്നത്. അവബോധം ശക്തമാക്കണം.

എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഐഎസ്എം ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**കോട്ടയം ജില്ലയിൽ**

# ക്ഷയരോഗത്തോട് 'നോ' പറഞ്ഞ് ആറ് ഗ്രാമപഞ്ചായത്തുകൾ



കോട്ടയം: രാജ്യത്തെ ക്ഷയരോഗ മുക്തമാക്കാനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ടി.ബി.മുക്ത് ഭാരത് പദ്ധതിയിൽ പ്രഥമ പുരസ്കാരത്തിന് അർഹരായ കോട്ടയം ജില്ലയിലെ ഞീഴൂർ, കല്ലറ, അകലക്കുന്നം, തലപ്പലം, കറുകച്ചാൽ, മണിമല ഗ്രാമപഞ്ചായത്തുകൾ പുരസ്കാരം ഏറ്റുവാങ്ങി. ക്ഷയരോഗത്തിൽ നിന്നു മുക്തരാകുന്നവർക്കായുള്ള പോഷകാഹാര പദ്ധതിയ്ക്ക് ആവശ്യമായ തുക ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് ഗ്രാമപഞ്ചായത്തുകൾക്കു കൈമാറുമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു പറഞ്ഞു. ജില്ലയെ ക്ഷയരോഗമുക്തമാക്കുന്നതിനുള്ള നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടക്കുന്നുണ്ടെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

കുറഞ്ഞ ക്ഷയരോഗ വ്യാപനതോതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകളെ പുരസ്കാരത്തിനു തെരഞ്ഞെടുത്തത്. ജനസംഖ്യയുടെ മൂന്നു ശതമാനത്തെയെങ്കിലും ക്ഷയരോഗ പരിശോധനക്ക് വിധേയമാക്കി ഒരാളിൽ കൂടുതൽ ക്ഷയരോഗം കണ്ടെത്താതിരിക്കുക എന്നതായിരുന്നു മുഖ്യ മാനദണ്ഡം.

നിലവിൽ ചികിത്സയിലിരുന്ന 60 ശതമാനം രോഗികളിൽ എങ്കിലും ക്ഷയരോഗത്തിന്റെ മരുന്നുകൾക്കെതിരെ രോഗാണു പ്രതിരോധം ഇല്ല എന്ന് ന്യൂക്ലിക് ആസിഡ് പരിശോധന വഴി നിർണയിക്കുക, നിലവിൽ ചികിത്സ പൂർത്തീകരിച്ചവരിൽ 85 ശതമാനത്തിൽ കൂടുതൽ രോഗം ഭേദമാവുക, നിലവിൽ ചികിത്സയിലുള്ള എല്ലാ രോഗികൾക്കും പോഷകാഹാരം ഉറപ്പാക്കുക, എല്ലാ രോഗികൾക്കും നിക്ഷയ് പോഷണ് യോജന ഒരു ഗഡു സഹായമെങ്കിലും ലഭിക്കുക എന്നിവയും ആദ്യഘട്ട പുരസ്കാരത്തിന്റെ മാനദണ്ഡമായി. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗ മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2024 ഡിസംബർ 31നു മുൻപ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പരിശോധന പൂർത്തിയാക്കി പ്രഥമഘട്ടം പൂർത്തിയാക്കലാണ് ലക്ഷ്യം. 80 ശതമാനം ഗ്രാമപഞ്ചായത്തുകൾ ഈ നില കൈവരിക്കുന്നതോടെ ജില്ല ക്ഷയരോഗ മുക്തമാകും.

## അഭിമാനത്തോടെ തൃശൂർ മെഡിക്കൽ കോളേജ്

# അതിസങ്കീർണ്ണ ശസ്ത്രക്രിയയിലൂടെ ആദിവാസി യുവാവിന് പുതുജീവൻ



കുത്തേറ്റ് രക്തം വാർന്ന് അതീവ ഗുരുതരാവസ്ഥയിലായിരുന്ന പാലക്കാട് സ്വദേശിയായ ആദിവാസി യുവാവിനെ രക്ഷപ്പെടുത്തിയ ശസ്ത്രക്രിയ നടത്തുന്ന തൃശൂർ സർക്കാർ മെഡിക്കൽ കോളേജ് ടീം.

തിരുവനന്തപുരം: ഇടത് തോളെല്ലിന് താഴെ ആഴത്തിൽ കുത്തേറ്റ് രക്തം വാർന്ന് അതീവ ഗുരുതരാവസ്ഥയിലായിരുന്ന പാലക്കാട് സ്വദേശിയായ ആദിവാസി യുവാവിനെ (25) രക്ഷപ്പെടുത്തി തൃശൂർ സർക്കാർ മെഡിക്കൽ കോളേജ്. ഹൃദയത്തിൽ നിന്നും നേരിട്ട് പുറപ്പെടുന്ന ധമനിയായ സബ്ക്ലേവിയൻ ആർട്ടറിക്ക് ഗുരുതര ക്ഷതം പറ്റിയതിനാൽ രക്ഷിച്ചെടുക്കുക പ്രയാസമായിരുന്നു. സമയം നഷ്ടപ്പെടുത്താതെ സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ അനുഭവ പരിചയവും വൈദഗ്ധ്യവുമുള്ള ഡോക്ടർമാർ അടിയന്തര ശസ്ത്രക്രിയ നടത്തി. മൂന്ന് മണിക്കൂർ നീണ്ടുനിന്ന അതിസങ്കീർണ്ണ ശസ്ത്രക്രിയയ്ക്കും പരിചരണത്തിനും ശേഷം യുവാവിനെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചു. ചികിത്സയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഇക്കഴിഞ്ഞ നവംബർ ഒന്നിനാണ് യുവാവിനെ കുത്തേറ്റ നിലയിൽ തൃശൂർ മെഡിക്കൽ കോളേജിൽ എത്തിക്കുന്നത്. വിദഗ്ധ പരിശോധനയ്ക്ക് ശേഷം രോഗിയെ അത്യാഹിത വിഭാഗത്തിലെ ഓപ്പറേഷൻ തീയറ്ററിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. ഹൃദയത്തോട് വളരെ അടുത്തു കിടക്കുന്ന സബ്ക്ലേവിയൻ ആർട്ടറി കണ്ടെത്തുക എന്നതുതന്നെ ഒരു വെല്ലുവിളിയാണ് എന്നിരിക്കെ രക്തം വാർന്ന് കൊണ്ടിരിക്കുമ്പോൾ അത് കൂടുതൽ ശ്രമകരമായി മാറി. ഈ ധമനിയോട് ചേർന്ന് കിടക്കുന്ന നാഡീവ്യൂഹമായ ബ്രാക്കിയൽ പ്ലക്സസിന് ക്ഷതം ഏൽപിക്കാതെ ഈ ധമനി കണ്ടെത്തി തുന്നിച്ചേർക്കുക എന്നതും മറ്റൊരു വലിയ വെല്ലുവിളിയായിരുന്നു. ഇതിൽ ഏതെങ്കിലും ഒന്ന് ചെറുതായെങ്കിലും പരാജയപ്പെട്ടാൽ രക്തം വാർന്നു നിമിഷങ്ങൾക്കകം മരണം സംഭവിക്കാം, അല്ലെങ്കിൽ ഇടതുകൈയ്യുടെ ചലനം തന്നെ നഷ്ടപ്പെട്ടേക്കാം എന്നതായിരുന്നു അവസ്ഥ.

മുറിവേറ്റ ധമനിയ്ക്ക് മേൽ വിരലുകൾ കൊണ്ട് മർദ്ദം ചെലുത്തി രക്തസ്രാവം നിയന്ത്രിച്ചു നിർത്തുകയും അതേ സമയം നിമിഷ നേരം കൊണ്ട് നെഞ്ചെല്ല് തുറക്കുകയും ചെയ്തു. അടുത്തതായി രക്തം ഒഴുകിക്കൊിരിക്കുന്ന ധമനിയെ തുന്നിച്ചേർക്കുക എന്ന കഠിനമായ ദൗത്യമായിരുന്നു. അതും വിജയകരമായി പൂർത്തിയാക്കി. അങ്ങിനെ മൂന്ന് മണിക്കൂർ നീണ്ടുനിന്ന യജ്ഞത്തിനൊടുവിലാണ് യുവാവിനെ മരണത്തിൽ നിന്നും ജീവിതത്തിലേക്ക് കൈ പിടിച്ചു കയറ്റിയത്.

ശസ്ത്രക്രിയയ്ക്ക് ശേഷം 20 ദിവസം സർജറി 4 യൂണിറ്റ് ടീമും പോസ്റ്റ് ഗ്രാജുവേറ്റ് റെസിഡന്റ്സ് ടീമും മികച്ച പരിചരണം നൽകി. ഏതൊരു മൾട്ടിസ്പെഷ്യാൽറ്റി ആശുപത്രിയോടും കിടപിടിക്കുന്ന ആധുനിക സജ്ജീകരണങ്ങളും കഴിവുറ്റ ചികിത്സാ വിദഗ്ദ്ധരും നൽകുന്ന നിസ്തുലമായ സേവനങ്ങളുമായി തൃശൂർ മെഡിക്കൽ കോളേജ് 45 വർഷം പൂർത്തിയാക്കുന്ന വേളയിലാണ് ആദിവാസി യുവാവിന് കരുതൽ ഒരുക്കിയത്.

രണ്ട് സർജറി യൂണിറ്റുകളുടെ മേധാവിമാരായ ഡോ. രവീന്ദ്രൻ സി, ഡോ. ഹരിദാസ്, സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും ഹൃദയ ശസ്ത്രക്രിയാ വിദഗ്ദ്ധനുമായ ഡോ. പ്രവീൺ, അനസ്തേഷ്യ പ്രൊഫസർ ഡോ. സുനിൽ എം എന്നിവരുടെ നേതൃത്വത്തിൽ, ഡോ. പാർവതി, ഡോ. നാജി, ഡോ. അഞ്ജലി, ഡോ. സിജു, ഡോ. അഞ്ജന തുടങ്ങിയ ഡോക്ടർമാരുടെ സംഘവും, നഴ്സിംഗ് ഓഫീസർമാരായ അനു, ബിൻസി എന്നിവരുടെ സംഘവുമാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്.

പ്രിൻസിപ്പൽ ഡോ. അശോകൻ എൻ, വൈസ് പ്രിൻസിപ്പൽ ഡോ. സനൽകുമാർ കെ ബി, സൂപ്രണ്ട് ഇൻചാർജ് ഡോ. രാധിക എം, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. സന്തോഷ് പി വി, ആർ എം ഒ ഡോ. ഷാജി യു എ, എ ആർ എം ഒ ഡോ. ഷിബി എന്നിവർ ഭരണപരമായ ഏകോപനം നൽകി.

# ദേശീയ വിര വിമുക്ത ദിനാചരണം



വിരയിളക്കൽ കുട്ടികളിലെ വിളർച്ച ഒഴിവാക്കുന്നു, ആരോഗ്യകരമായ വികാസത്തിനു സഹായകരമാകുന്നു

തിരുവനന്തപുരം: വിരബാധ കുട്ടികളുടെ വളർച്ചയേയും പൊതുവേയുള്ള ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നതിനാൽ കൃത്യമായ ഇടവേളകളിൽ വിരയിളക്കേണ്ടതുണ്ടെന്ന് ഓർമ്മിപ്പിച്ചു ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം കോട്ടൺഹിൽ ഗവ. ജി. എച്ച്. എസ്. എസിൽ ദേശീയ വിരവിമുക്ത ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. വിരബാധ കുട്ടികളിൽ വിളർച്ചയ്ക്കും പോഷകക്കുറവിനും കാരണമാകുന്നതായും ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 1 മുതൽ 14 വയസ് വരെയുള്ള 64% കുട്ടികളിൽ വിരബാധയുണ്ടാകുവാൻ സാധ്യതയുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. ഇതിന്റെ അടിസ്ഥാനത്തിൽ ശക്തമായ ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് നടത്തി വരുന്നത്. ഏറ്റവും ബൃഹത്തായ പൊതുജനാരോഗ്യ പരിപാടികളിൽ ഒന്നായ വിര നിർമ്മാർജ്ജന പരിപാടിയിൽ ആരോഗ്യവകുപ്പിനൊപ്പം സഹകരിച്ച വിദ്യാഭ്യാസ–വനിതാശിശു വികസന വകുപ്പുകളുടെ സംഭാവനകളെയും മന്ത്രി അനുമോദിച്ചു. എല്ലാ കുട്ടികളും വിര നശീകരണത്തിനുള്ള ഗുളിക കഴിച്ചുവെന്ന് മാതാപിതാക്കൾ ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ഓരോ വർഷവും 6 മാസ ഇടവേളകളിലായി രണ്ടു പ്രാവശ്യമാണ് 1 മുതൽ 19 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സ്കൂളുകളും അങ്കണവാടികളും വഴി വിര നശീകരണത്തിനായുള്ള ആൽബൻഡസോൾ ഗുളിക നൽകുന്നത് . ദേശീയ ആരോഗ്യദൗത്യം സംസ്ഥാന ഡയറക്റ്റർ ഡോ. വിനയ് ഗോയൽ ഐ.എ.എസ് അധ്യക്ഷനായ ചടങ്ങിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ഗായത്രി ബാബു ഗുളികകളുടെ വിതരണം നടത്തി. ആരോഗ്യ വകുപ്പ് ഡയറക്റ്റർ ഡോ. റീന കെ. ജെ, അഡീഷണൽ ഡയറക്ടർ (കുടുംബക്ഷേമം) ഡോ. വി. മീനാക്ഷി, ഡിവിഷൻ കൗൺസിലർ അഡ്വ. രാഖി രവികുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജില്ലാ ആർ. സി.എച്ച്. ഓഫീസർ ഡോ. കൃഷ്ണവേണി വി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, സ്കൂൾ പ്രിൻസിപ്പാൾ ഇൻ ചാർജ് സുജിത് വി, ഹെഡ് മിസ്ട്രസ് അനിത എസ്. എന്നിവരും സംസാരിച്ചു.




'ഞാൻ അൽബന്റസോൾ. എനിക്ക് ചില കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്. ദേശീയ വിര വിമുക്ത ദിനാചരണത്തിന്റെ ഭാഗമായി നിങ്ങളുടെ കൈകളിൽ ഞാൻ എല്ലാ കൊല്ലവും എത്താറുണ്ട്. ഭക്ഷണത്തിന് ശേഷം ചവച്ചരച്ചാണ് എന്നെ കഴിക്കേണ്ടത്. എന്നെ കഴിക്കുന്നത് കൊണ്ടുള്ള ചില ഗുണങ്ങൾ ഞാൻ പറഞ്ഞു തരാം...'



നിങ്ങളുടെ ശരീരത്തിൽ കുഴപ്പക്കാരായ ചില വിരകൾ ഉണ്ട്. അവ നിങ്ങൾ കഴിക്കുന്ന ഭക്ഷണത്തിലെ പോഷക ഗുണങ്ങൾ വലിച്ചെടുക്കും. അതു കാരണം നിങ്ങൾക്ക് ആവശ്യമായ പോഷകഘടകങ്ങൾ പലപ്പോഴും ലഭിക്കാതെ വരും.

**ഇത് കൊണ്ട് എന്താണ് സംഭവിക്കുന്നത് ?**

ആവശ്യമായ പോഷക ഘടകങ്ങൾ ലഭിക്കാതെ വരുമ്പോൾ, കുട്ടികളിൽ പോഷകക്കുറവ്, വിളർച്ച തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇത് പഠനത്തെ ഉൾപ്പെടെ ബാധിക്കുന്നു.

**അപ്പോൾ നിങ്ങൾ എന്ത് ചെയ്യണം?**

ആരോഗ്യപ്രവർത്തകരുടെ നിർദേശമനുസരിച്ചു, സ്കൂളുകളിൽ / അങ്കണവാടികളിൽ നിന്നും ലഭിക്കുന്ന വിരയിളക്കൽ ഗുളിക ആഹാരത്തിനു ശേഷം കഴിക്കണം.

ഒരു വയസ്സ് മുതൽ 2 വയസ്സ് വരെയുള്ള കുട്ടികൾക്ക് അര ഗുളിക വെള്ളത്തിൽ അരച്ച് കലക്കി വേണം കൊടുക്കാൻ. 2 മുതൽ 19 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു ഗുളികയും കഴിക്കാവുന്നതാണ്.

## സാന്ത്വന പരിചരണരംഗത്തൊരു ഇടുക്കി മോഡൽ

# കിടപ്പിലായവരുടെ കൈ പിടിക്കാൻ വിദ്യാർഥികളും



ഇടുക്കി: കേരളത്തിലെ ആരോഗ്യമേഖലയിലെ അഭിമാനാർഹമായ പദ്ധതിയായ സാന്ത്വനപരിചരണരംഗത്ത് പുതിയ മേഖലകൾ കണ്ടെത്തുകയാണ് ഇടുക്കി ജില്ല. അതിൽ ഏറ്റവും പുതിയ ഉദാഹരണമാണ് Students Initiative in Palliative Care. അതിന്റെ ഭാഗമായി വിവിധ പദ്ധതികളാണ് ജില്ല ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

2008 മുതൽ പാലിയേറ്റീവ് പരിചരണ മേഖലയിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ മാതൃകാപരമായ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും നേതൃത്വത്തിൽ പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെട്ട രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണത്തിൽ പങ്കാളികളാകുന്നതിനോടൊപ്പം രോഗികൾക്കായി വിനോദയാത്രകൾ, രോഗികളുടെ മാനസീക ഉല്ലാസത്തിനായി രോഗി കുടുംബസംഗമങ്ങൾ രോഗികൾക്കായി കലാകായിക പരിപാടികൾ, ഭക്ഷണകിറ്റ് വിതരണം, രോഗിയുടെ ഭൗതീക സൗകര്യങ്ങൾ വികസിപ്പിക്കൽ തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇത്തരത്തിൽ 12 കോളേജുകളിലാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുന്നത്. എൻ.സി.സി, എൻ.എസ്.എസ് വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. കൂടാതെ ഹയർ സെക്കന്ററി സ്കൂളുകളിലും കുട്ടികൾക്ക് ഏകദിന പരിശീലനം നൽകുകയും താല്പര്യമുള്ള കുട്ടികളെ ഹോം കെയർ പരിചരണത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. ജില്ലയിലെ മുഴുവൻ നഴ്സിംഗ് വിദ്യാർത്ഥികൾക്കും മൂന്ന് ദിവസത്തെ പരിശീലനം പൂർത്തിയാക്കുകയും അൽ–അസ്ഹർ മെഡിക്കൽ കോളേജിലും, ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, മെഡിക്കൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ തരത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു.

വളർന്നു വരുന്ന പുതു തലമുറ പാലിയേറ്റീവ് കെയർ എന്നത് ഒരു സംസ്കാരം ആണ് എന്നുള്ളത് മനസിലാകുന്നതിനു എസ്.ഐ.പി.സി വഴി തെളിക്കുന്നു. സ്വന്തം വീട്ടിൽ കിടപ്പായവരുടെ പരിചരണം ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള എല്ലാ പരിശീലനവും ഇതു വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗം കൂടി വരുന്ന സാഹചര്യത്തിൽ പാലീയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് വലിയ മാറ്റത്തിന് കാരണമാകുന്നുണ്ട്. ജീവിതത്തിന്റെ യാഥാർത്ഥ്യം നേരിൽ കണ്ടു മനസിലാക്കുന്നതിനും സേവന മനോഭാവം വളർത്തുന്നതിനും പാലിയേറ്റീവ് ഹോം കെയർ വഴി സാധ്യമാകുന്നു. എസ്.ഐ.പി.സി യുടെ നേതൃത്വത്തിൽ ഒരോ വർഷവും പുതിയ ഒരു പരിപാടി സംഘടിപ്പിക്കാറുണ്ട്. ഈ വർഷം പെൻ ചലഞ്ച് എന്ന പദ്ധതിയിക്ക് ജില്ലയിൽ തുടക്കം കുറിച്ചു. അരക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടുപോയ 57 വ്യക്തികൾ ഈ പദ്ധതി പ്രകാരം പേനകൾ നിർമ്മിക്കുകയും ജില്ലയിലെ വിവിധ സ്കുളുകളിലും ഓഫിസുകളിലും വില്പനയ്ക്കായി തയ്യാറാക്കുകയും ചെയ്യുന്നു. ചെടികളുടെ വിത്ത് ഉൾപ്പെടുന്ന പേപ്പർ പേന ഇത്തരത്തിൽ സമൂഹത്തിലൊരു പുതിയ കാഴ്ചപ്പാടിനുകൂടി കാരണമാകുന്നു.



## ദേശീയ ദന്ത സംരക്ഷണ പരിപാടി

**താഴെ പറയുന്ന ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഉടനടി ദന്തഡോക്ടറെ കാണുക**

- പല്ലുകൾക്ക് വേദനയോ, ഇളക്കമോ സംഭവിക്കുകയാണെങ്കിൽ
- മോണയിൽ നിന്ന് രക്തം വരികയാണെങ്കിൽ
- വായനാറ്റം അനുഭവപ്പെടുമ്പോൾ
- ചവയ്ക്കുമ്പോൾ വേദന ഉണ്ടെങ്കിൽ
- ഭക്ഷണാവശിഷ്ടങ്ങൾ സ്ഥിരമായി പല്ലുകൾക്കിടയിൽ തങ്ങിയിരിക്കുകയാണെങ്കിൽ
- പല്ലുകളിൽ പുളുപ്പ് ഉണ്ടെങ്കിൽ
- നിരതെറ്റിയ പല്ലുകളുണ്ടെങ്കിൽ

**കുട്ടികളുടെ ദന്ത സംരക്ഷണം രക്ഷിതാക്കളുടെ ഉത്തരവാദിത്തം**

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# കാൻസർ നിയന്ത്രണപരിപാടിയുമായി അർബൻ ഹെൽത്ത് സെന്ററുകൾ



എറണാകുളം: ജില്ലാ കാൻസർ നിയന്ത്രണപരിപാടിയുടെ ഭാഗമായി ദേശീയ നഗരാരോഗ്യദൗത്യത്തിന്റെ ആഭിമുഖ്യത്തിൽ ഗർഭാശയ കാൻസർ നിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. തമ്മനം യു.പി.എച്ച്.സിയിൽ വെച്ചാണ് ആദ്യ ക്യാമ്പ് സംഘടിപ്പിച്ചത്. യു.പി.എച്ച്.സിക്ക് കീഴിലെ അഞ്ച് ഡിവിഷനുകളിലെ വനിതകൾക്കിടയിലാണ് പരിശോധന നടത്തിയത്.

ശേഖരിക്കുന്ന സാമ്പിളുകൾ ഹബ് ആന്റ് സ്പോക്ക് ലാബ് നെറ്റ്‌വർക്കിലൂടെ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ എത്തിച്ചാണ് പരിശോധന നടപടികൾ പൂർത്തിയാക്കുന്നത്. പരിശോധനഫലം അടിസ്ഥാനപ്പെടുത്തി ആവശ്യമായ ആരോഗ്യസേവനങ്ങൾക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുന്ന വിധത്തിലാണ് ഇത് നടപ്പിലാക്കുന്നത്. ബോധവത്കരണപരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

വായിലെ കാൻസർ കണ്ടെത്താനുള്ള പരിശോധനകളും തുടർന്ന് നടപ്പിലാക്കും. ദേശീയ നഗരാരോഗ്യദൗത്യത്തിനു കീഴിൽ 16 ആരോഗ്യ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ നേതൃത്വത്തിൽ ക്യാമ്പുകൾ തുടർന്നുള്ള ആഴ്ചകളിൽ നടപ്പിലാക്കും.

ലോക പ്രമേഹ ദിനം:

# സൂമ്പ മത്സരവുമായി ആരോഗ്യ പ്രവർത്തകർ




കോട്ടയം : ആരോഗ്യപ്രവർത്തകരുടെ ആരോഗ്യം സംരക്ഷിക്കാൻ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർക്കായി ജില്ലാതല സൂമ്പ ഡാൻസ് സംഘടിപ്പിച്ചു. മത്സരത്തിൽ ഡോ. സൗമ്യ സദാനന്ദന്റെ നേതൃത്വത്തിലുള്ള പൈക കുടുംബാരോഗ്യകേന്ദ്രം വിജയികളായി. ഡോ. വിജിലക്ഷ്മിയുടെ നേതൃത്വത്തിൽ പാലാ ജനറൽ ആശുപത്രി രാം സ്ഥാനവും ഡോ. സൗമ്യ ജോർജിന്റെ നേതൃത്വത്തിൽ പനച്ചിക്കാട് കുടുംബാരോഗ്യകേന്ദ്രം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ബ്ലോക്ക് തല വിജയികളായ 23 ടീമുകളാണ് മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ നടന്ന മത്സരത്തിൽ പങ്കെടുത്തത്.

### പ്രമേഹവും ആരോഗ്യവും

ആരോഗ്യവകുപ്പ് കഴിഞ്ഞ വർഷം ജില്ലയിലെ എല്ലാ വീടുകളും സന്ദർശിച്ച് 30 വയസിനു മുകളിലുള്ളവരിൽ നടത്തിയ 'ശൈലി' സർവേ പ്രകാരം ജില്ലയിൽ 1.5 ലക്ഷം പ്രമേഹ ബാധിതരുണ്ടെന്ന് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ പി.എൻ വിദ്യാധരൻ പറഞ്ഞു. പ്രമേഹം നിയന്ത്രണ വിധേയമാക്കിയില്ലെങ്കിൽ ഇവരിൽ പലർക്കും വൃക്ക, കണ്ണ്, ഹൃദയം തുടങ്ങി പല അവയവങ്ങൾക്കും പ്രമേഹം മൂലം തകരാർ വരികയും രോഗികളായി തീരുകയും ചെയ്യും.

പ്രമേഹം, രാക്താതിമർദ്ദം തുടങ്ങിയ ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിച്ച് നിർത്തുന്നതിൽ വ്യായാമത്തിനു വലിയൊരു പങ്കുണ്ട്. പ്രമേഹ ബാധിതർ ഭക്ഷണം നിയന്ത്രിക്കുന്നതിനോടൊപ്പം വ്യായാമം ചെയ്യുന്നത്. പ്രമേഹത്തിന്റെ പ്രത്യാഘാതങ്ങൾ തടയാൻ സഹായിക്കും. ഒറ്റക്ക് വ്യായാമം ചെയ്യുന്നത് പലരിലും മടുപ്പുളവാക്കുന്നതിനാൽ കൂട്ടായും സംഗീതത്തിന്റെ പശ്ചാത്തലത്തിലും ചെയ്യുന്നത് വ്യായാമം രസകരമാക്കും എന്നതാണ് സൂമ്പ ഡാൻസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ അടിസ്ഥാനം. വീടിനുള്ളിൽ മൊബൈൽ ഫോണിൽ സംഗീതവും ദൃശ്യവും വീക്ഷിച്ചുകൊണ്ടും ഒറ്റയ്ക്കും ഇത്തരത്തിൽ വ്യായാമം ചെയ്യാൻ സാധിക്കും. നീന്തൽ, ദിവസേനയുള്ള നടത്തം, മറ്റു കായിക ഇനങ്ങൾ തുടങ്ങിയവയും പ്രമേഹം നിയന്ത്രിക്കുന്നതിനും തടയുന്നതിനും സഹായിക്കും. എല്ലാ ദിവസവും അരമണിക്കൂർ വ്യായാമം ചെയ്യുന്നത് പ്രമേഹം നിയന്ത്രിക്കുന്നതിനൊപ്പം ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും രക്തപ്രവാഹം കൂട്ടുകയും ചെയ്യും.

**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**കെ കെ ഷൈജിൽ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി സി), ഇടുക്കി
**ധാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി സി), തൃശ്ശൂർ
**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി സി), കോഴിക്കോട്
**വിനു എ**
കൺസൾട്ടന്റ് (ഡി സി), എറണാകുളം
**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി സി), കോട്ടയം
**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി സി), ആലപ്പുഴ
**വർഷ ജയപ്രകാശ്**
ജെ.സി (ഡി&സി), തിരുവനന്തപുരം
**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
ജെ.സി (ഡി&സി), മലപ്പുറം
**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ
**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്
**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്
**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട
**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം
**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

തണലായത് പാലിയേറ്റീവ് കെയർ ടീം

# വീൽചെയറിൽ നിന്നും വിപണിയിലേക്ക്



കോഴിക്കോട്: ഒരു കട്ടിലിൽ പൂർണമായും ഒതുങ്ങിപ്പോയ യുവതിയെ സംരംഭകയുടെ റോളിലേക്ക് കൈപിടിച്ച് ഉയർത്തി വേളം പഞ്ചായത്ത് പാലിയേറ്റീവ് ടീം. കൗമാരകാലത്തിന്റെ തുടക്കത്തിൽ തന്നെ ഞരമ്പുകൾക്ക് തളർച്ച ബാധിച്ച് കാലുകളും ഭാഗികമായി കൈകളും തളർന്ന് ഒരു മുറിയുടെ ഏകാന്തതയിലായിരുന്നു കഴിഞ്ഞ കുറച്ച് മാസങ്ങൾ മുൻപ് വരെ കടിയങ്ങാട് സ്വദേശി സീനത്ത്. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതുൾപ്പെടെ ആഹാരവും ഉറക്കവും എല്ലാം ഒരു മുറിക്കുള്ളിൽ ആയിരുന്നു. പ്രായമായ ഉമ്മയും സീനത്തും മാത്രമാണ് വീട്ടിലുള്ളത്. കട്ടിലിനോട് ചേർന്ന ജനലിലൂടെ മാത്രം അവൾ പുറത്തെ കാറ്റും വെളിച്ചവും കണ്ടു. പാലിയേറ്റ് ഗൃഹ സന്ദർശനത്തിനിടയിൽ ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ. ശ്രുതി. ടി. പി, നേഴ്സ് സീമ, എന്നിവർ ഉൾപ്പെടുന്ന പാലിയേറ്റീവ് ടീം സീനത്തിനെ കണ്ടെത്തിയതാണ് വഴിത്തിരിവായത്. ഇവരുടെ ഇടപെടലിൽ പ്രവാസിയും ജീവകാരുണ്യ പ്രവർത്തകനുമായ നാസർ വട്ടോളി ഇലക്ട്രിക് വീൽ ചെയർ സംഭാവനയായി നൽകാൻ തയ്യാറായി. സീനത്ത് അങ്ങനെ വീട്ടിൽ ഉമ്മറത്തും മുറ്റത്തും പതുക്കെ വീൽ ചെയറുമായി ഇറങ്ങി.

അതോടൊപ്പം വേളം പഞ്ചായത്ത് പാലിയേറ്റിവ് ടീം കടിയങ്ങാട് തണൽ റീഹാബിലിറ്റേഷൻ സെന്ററിന്റെ സഹായത്തോടെ പത്ത് പാലിയേറ്റിവ് രോഗികൾക്കായി സംഘടിപ്പിച്ച് രണ്ട് ദിവസത്തെ തൊഴിൽ പരിശീലന പരിപാടിയിൽ പങ്കെടുത്തു. അതിൽ പേന, ഹാൻഡ് വാഷ്, ഫ്ലോർ ക്ലീനർ, വാഷിംഗ് ലിക്വിഡ്, കുട എന്നിവയുടെ നിർമ്മാണത്തിൽ പരിശീലനം ലഭിച്ചു. പരിശീലനം പൂർത്തിയാക്കിയ ബാച്ചിലെ അംഗങ്ങൾക്കൊപ്പം സീനത്ത് പേന നിർമിച്ച് സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും നൽകി ചെറിയ വിപണി കണ്ടെത്തി. പേനയ്ക്ക് പുറമെ വാഷിംഗ് ലിക്വിഡ്, ഹാൻഡ് വാഷ്, ഫ്ലോർ ക്ലീനർ എന്നിവ വീട്ടിലിരുന്ന് നിർമ്മിച്ച് പരിചയക്കാർക്ക് നൽകാൻ തുടങ്ങി.

ഒരു പരീക്ഷണ അടിസ്ഥാനത്തിൽ തുടങ്ങിയ സംരംഭം ഇന്ന് വലിയൊരു വിജയമായി മാറിയിരിക്കുന്നു. ഉത്പന്നങ്ങളുടെ ഗുണമേന്മ കാരണം ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും സീനത്തിന്റെ ഉത്പന്നങ്ങളെ അന്വേഷിച്ചു വരാൻ തുടങ്ങി. പഞ്ചായത്തിലെ ആശുപത്രികൾ, ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാരും സീനത്തിന്റെ ഉത്പന്നങ്ങൾക്ക് പ്രാദേശിക വിപണി കണ്ടെത്താൻ സഹായിക്കുന്നുണ്ട്.

സ്വന്തം അധ്വാനത്താൽ ചെറുതെങ്കിലും ഒരു വരുമാനം കണ്ടെത്താൻ കഴിയുന്നത് സീനത്തിന്റെ ആത്മവിശ്വാസം കുറച്ചൊന്നുമല്ല വർധിപ്പിച്ചത്. ഇലക്ട്രിക് വീൽ ചെയറിൽ വീട്ടിലും മുറ്റത്തും സഞ്ചരിക്കാനും ഒരു തൊഴിൽ കണ്ടെത്താനും വരുമാനം നേടാനും പാലിയേറ്റിവ് ടീമിന്റെ ഇടപെടൽ കൊണ്ട് മാത്രമാണ് കഴിഞ്ഞത്. ഓരോ ഗൃഹസന്ദർശന വേളയിലും സീനത്തിന്റെയും ഉമ്മയുടെയും കണ്ണുകളിലെ സന്തോഷത്തിന് മറ്റെന്തിനെക്കാളും തിളക്കമുണ്ട്.



# കുട്ടികളുടെ ആരോഗ്യം കാക്കാൻ പദ്ധതികൾ



കാസറഗോഡ്: കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ പരിരക്ഷക്കായി ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ ദൗത്യവും വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

നവജാത ശിശുക്കൾക്ക് പ്രത്യേക പരിചരണം നൽകുന്ന എസ്.എൻ.സി യൂണിറ്റും, സെൻട്രലൈസ്ഡ് ഓക്സിജൻ ബെഡ്ഡോട് കൂടിയ പീഡിയാട്രിക് വാർഡും കാഞ്ഞങ്ങാട് ജില്ലാശുപത്രി, കാസറഗോഡ് ജനറൽ ആശുപത്രികളിലായി സജ്ജമാണ്. തൂക്കക്കുറവുള്ള നവജാതശിശുക്കളുടെ സംരക്ഷണം, ബിലിറൂബിൻ കൂടിയ കുട്ടികൾക്കുള്ള ഫോട്ടോ തെറാപ്പി, ഇൻഫെക്ഷൻ ബാധിച്ച കുട്ടികൾക്കുള്ള പരിചരണം എന്നിവ ഇവിടെ ലഭ്യമാണ്.

കുട്ടികളിലെ വൈകല്യങ്ങൾ, വളർച്ചാ ഘട്ടങ്ങളിലെ കാലതാമസം എന്നിവ മുൻകൂട്ടി നിർണ്ണയിക്കുന്നതിനും ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടി കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഡിസ്ട്രിക് ഏർളി ഇന്റർവെൻഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു.

18 വയസുവരെയുള്ള കുട്ടികൾക്കായി ശിശുരോഗ വിദഗ്ധൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ,ഡെന്റൽ ഹൈജീനിസ്റ്റ്, സൈക്കോളജിസ്റ്റ്,സ്പെഷ്യൽഎഡ്യുക്കേറ്റർ, ഓഡിയോളേജിസ്റ്റ് &സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്.

ഡി.ഇ.ഐ.സി യുടെ സേവനം ഫീൽഡ് തലത്തിൽ ലഭ്യമാക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും ആഭിമുഖ്യത്തിൽ അനുയാത്ര മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിലെ ഓരോ ദിവസവും ജില്ലയിലെ വിവിധ ആശുപത്രികൾ കേന്ദ്രികരിച്ച് ഈ സേവനം ലഭ്യമാക്കുന്നു.

ഹൃദയ വൈകല്യമുള്ള 18 വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യ ശസ്ത്രക്രിയയും ചികിത്സയും ഹൃദ്യം പദ്ധതിയിലൂടെ ലഭ്യമാണ്. കൂടാതെ ജില്ലയിലെ പ്രസവ ശുശ്രൂഷ നൽകി വരുന്ന ജില്ലാ ജനറൽ ആശുപത്രികളിൽ ആർ.ബി.എസ്.കെ നഴ്സുമാർ നവജാത ശിശുക്കളെ പരിശോധിക്കുകയും രോഗ സാധ്യതകളെ നേരത്തേ കണ്ടെത്തുകയും ആവശ്യമുള്ളവർക്ക് തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു.

ജില്ലയിലെ സ്കൂളുകൾ, അങ്കണവാടികൾ കേന്ദ്രികരിച്ച് ശലഭം പദ്ധതിയിലൂടെ കുട്ടികളെ സ്ക്രീൻ ചെയ്യുകയും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ കുട്ടികൾക്കായുള്ള ക്ലബ് ഫൂട്ട് ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നു. കുഞ്ഞ് ജനിക്കുമ്പോൾ തന്നെ ഒരു പാദമോ ഇരു കാൽപാദങ്ങളോ കാൽക്കുഴയിൽ നിന്നും അകത്തേക്ക് വളഞ്ഞിരിക്കുന്ന അവസ്ഥയാണ് ക്ലബ് ഫൂട്ട്. കുട്ടി ജനിച്ച ആദ്യ ദിവസങ്ങൾക്കുള്ളിൽ തന്നെ ചികിത്സ ആരംഭിക്കുകയും അഞ്ചുവയസ്സ് ആകുമ്പോഴേക്കും കുട്ടിയുടെ കാൽപാദങ്ങൾ പൂർണ്ണമായും നിവർന്ന് സാധാരണ നിലയിൽ എത്തുകയും ചെയ്യുന്നതാണ് ചികിത്സാരീതി. ഇത്തരത്തിൽ ശിശുകൾക്ക് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുകയാണ് ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ ദൗത്യവും.



ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടി കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഡിസ്ട്രിക് ഏർളി ഇന്റർവെൻഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു

ശൈലി 2.0

# 50 ലക്ഷം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി

## രോഗ നിർണയവും ചികിത്സയും ഉറപ്പാക്കി ആരോഗ്യ വകുപ്പ്

**മാനസികാരോഗ്യം, കാഴ്ച, കേൾവി, വയോജന ആരോഗ്യം എന്നിവ പ്രധാനം**

തിരുവനന്തപുരം:ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ 50 ലക്ഷത്തോളം പേരുടെ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി രോഗസാധ്യത കണ്ടെത്തിയവർക്ക് തുടർ ചികിത്സ ഉറപ്പാക്കിയ ശേഷമാണ് രണ്ടാം ഘട്ടം നടപ്പിലാക്കുന്നത്. ഒന്നാം ഘട്ട സ്ക്രീനിംഗിൽ പങ്കെടുത്തവരെ ഉൾപ്പെടെ ഉൾക്കൊള്ളിച്ചാണ് രണ്ടാം ഘട്ട സ്ക്രീനിംഗ് നടത്തുന്നത്. ശൈലി ഒന്നാം ഘട്ടത്തിൽ രക്താതിമർദ്ദം, പ്രമേഹം, കാൻസർ, ടി.ബി, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയപ്പോൾ രണ്ടാം ഘട്ടത്തിൽ ഇതോടൊപ്പം കുഷ്ഠ രോഗം, മാനസികാരോഗ്യം, കാഴ്ചാ പ്രശ്നം, കേൾവി പ്രശ്നം, വയോജന ആരോഗ്യം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു. സ്ക്രീനിംഗിൽ രോഗസാധ്യതയുണ്ടെന്ന് കണ്ടെത്തുന്നവരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ശൈലി രണ്ട് വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി 50 ലക്ഷം പേരുടെ സ്ക്രീനിംഗ് നടത്തിയതിൽ 46.7 ശതമാനം പേർക്ക് (23,21,315) ജീവിതശൈലീ രോഗ സാധ്യതയുള്ളതായി കണ്ടെത്തി. നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 6,53,541 (13.15 ശതമാനം) പേരുടേയും പ്രമേഹം മാത്രമുള്ള 4,31,448 (8.68 ശതമാനം) പേരുടേയും ഇവ രണ്ടുമുള്ള 2,71,144 പേരുടേയും ആരോഗ്യ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തി. കാൻസർ സാധ്യതയുള്ള 1,10,781 പേരെ കണ്ടെത്തി തുടർ പരിശോധനയ്ക്കായി റഫർ ചെയ്തു. 1,45,867 പേരെ ടി.ബി പരിശോധനയ്ക്കായും 2,10,641 പേരെ ശ്വാസകോശ സംബന്ധമായ പരിശോധനയ്ക്കായും റഫർ ചെയ്തു. 54,772 കിടപ്പ് രോഗികളേയും പരസഹായം ആവശ്യമുള്ള 85,551 പേരേയും 16,31,932 വയോജനങ്ങളേയും സന്ദർശിച്ച് ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് തുടർ സേവനങ്ങൾ ഉറപ്പാക്കി വരുന്നു.

പുതുതായി ഉൾപ്പെടുത്തിയവയിൽ 1,45,622 പേരെ കുഷ്ഠ രോഗ പരിശോധനയ്ക്കായും 15,94,587 പേരെ കാഴ്ച പരിശോധനയ്ക്കായും 2,29,936 പേരെ കേൾവി പരിശോധനയ്ക്കായും റഫർ ചെയ്തു. 1,24,138 വയോജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുള്ളതായി കണ്ടെത്തി. 71,759 പേരെ മാനസികാരോഗ്യ പരിശോധനയ്ക്ക് റഫർ ചെയ്തു. ഇവരിൽ ആവശ്യമായവർക്ക് പരിചരണവും ചികിത്സയും ഉറപ്പാക്കി വരുന്നു.

നവകേരളം കർമ്മപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ ഹെൽത്ത് രൂപകല്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണയം നടത്തി തുടർചികിത്സ ഉറപ്പാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ജീവിതശൈലീ രോഗങ്ങൾ നേരത്തേ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും. അതോടൊപ്പം രോഗസാധ്യത കണ്ടെത്തിയവരിൽ ജീവിതശൈലിയിൽ മാറ്റം വരുത്തിയും വ്യായാമത്തിലൂടെയും ജീവിതശൈലീ രോഗങ്ങൾ വരാതെ നോക്കാനും സാധിക്കുന്നു.







### പ്രമേഹം നിസ്സാരമാക്കേണ്ട

### പ്രമേഹവും ഹൃദയാരോഗ്യവും

- പ്രമേഹം ഹൃദയ രക്തക്കുഴലുകളെയും ഹൃദയ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന നാഡികളെയും ബാധിക്കുന്നു
- രക്തക്കുഴലുകൾ അടഞ്ഞുപോകുന്നതോടെ ഹൃദയപേശികൾക്കുള്ള ശുദ്ധരക്തം ലഭിക്കാതെ പോകുന്നു
- നാഡികൾ തകരാറിലാകുമ്പോൾ നെഞ്ചുവേദന അറിയാതെ പോകുന്നത് പലപ്പോഴും നിശബ്ദ ഹൃദയാഘാതത്തിനു കാരണമാകും
- ഹൃദയപേശികൾക്ക് വീക്കമുണ്ടാകുന്ന കാർഡിയോമയോപ്പതിക്ക് പ്രമേഹം കാരണമാകുന്നു
- പ്രമേഹത്തോടൊപ്പം കൂടിയ അളവിൽ ബി.പിയും കൊളസ്ട്രോളും ഉണ്ടെങ്കിൽ ഹൃദ്രോഗസാധ്യത കൂടുന്നു



ശബരിമല തീർത്ഥാടനം

# ആരോഗ്യ സേവനം @24x7



പത്തനംതിട്ട : മണ്ഡല–മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് ശബരിമലയിൽ എത്തുന്ന തീർഥാടക ലക്ഷങ്ങൾക്ക് കരുതലായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ആരോഗ്യ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒ.പി, അത്യാഹിത വിഭാഗം സേവനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം എന്നീ സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും ഹൃദ്രോഗ വിദഗ്ധരുടെ സേവനം ലഭ്യമാണ്. ഇതുകൂടാതെ സന്നിധാനം, പമ്പ ആശുപത്രികളിൽ മൈനർ ഓപ്പറേഷൻ തിയേറ്ററുകൾ, നിലക്കൽ, പമ്പ, സന്നിധാനം ആശുപത്രികളിൽ ലാബ്സൗകര്യങ്ങൾ എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. കാനനപാതയിലും പ്രധാന തീർത്ഥാടന പാതയിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 19 അടിയന്തിര വൈദ്യസഹായ കേന്ദ്രങ്ങൾ, നീലിമല, അപ്പാച്ചിമേട്എന്നിവിടങ്ങളിൽ കാർഡിയോളജി സെന്ററുകൾ ചരൽമേട്, കരിമല എന്നിവിടങ്ങളിൽ ഡിസ്പെൻസറികൾ, ആംബുലൻസ് മെഡിക്കൽ യൂണിറ്റ് സൗകര്യങ്ങൾ,കോന്നി മെഡിക്കൽ കോളേജിൽ 30 ഓക്സിജൻ കിടക്കകൾ ഉള്ള പ്രത്യേക ശബരിമല വാർഡ്, ഐ. സി.യു കിടക്കകൾ, വെന്റിലേറ്റർ ബെഡ് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കാർഡിയോളജി, ന്യൂറോ വിഭാഗങ്ങളുടെ സേവനവും തീർത്ഥാടകർക്കായി ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റേയും കനിവ് 108ന്റേയും ആംബുലൻസുകൾക്ക് പുറമേ തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായം ഒരുക്കാൻ കനിവ് 108 ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റുകൾ കൂടി വിന്യസിച്ചിട്ടുണ്ട്.

ഇടുങ്ങിയ പാതകളിൽ സഞ്ചരിക്കാൻ കഴിയുന്ന ബൈക്ക് ഫീഡർ ആംബുലൻസ്, ദുർഘട പാതകളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന 4×4 റെസ്ക്യു വാൻ, ഐ.സി.യു ആംബുലൻസ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. കനിവ് 108 ആംബുലൻസ് പദ്ധതിക്ക് കീഴിൽ പമ്പ ആശുപത്രി കേന്ദ്രമാക്കിയാണ് റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നത്. തീർത്ഥാടകർക്ക് വൈദ്യസഹായം വേണ്ട സാഹചര്യങ്ങളിൽ 108 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് ബന്ധപ്പെട്ടാൽ ഈ വാഹനങ്ങളുടെ സേവനം ലഭ്യമാകും.

ആശുപത്രികളിൽ പാമ്പു വിഷബാധയ്ക്ക് നൽകുന്ന ആന്റിവെനവും ലഭ്യമാക്കിയിട്ടുണ്ട്. തീർത്ഥാടകർക്ക് എന്തെങ്കിലും വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ അടിയന്തിര വൈദ്യ സഹായത്തിനായി 04735 203232 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ വ്രതകാലത്ത് നിർത്തരുത്. സാവധാനം മലകയറുക. ഇടയ്ക്കിടയ്ക്ക് വിശ്രമിക്കുക. മല കയറുന്നതിനിടയിൽ ക്ഷീണം, തളർച്ച, നെഞ്ചുവേദന, ശ്വാസതടസം എന്നിവ ഉണ്ടായാൽ മല കയറുന്നത് നിർത്തി എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക. ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് മികച്ച ആരോഗ്യ സേവനങ്ങൾ ഒരുക്കുന്നതിനായി 24 മണിക്കൂറും ജാഗ്രതയോടെയാണ്





വേങ്ങൂർ നഗര പ്രാഥമികാരോഗ്യ കേന്ദ്രം

ആരോഗ്യം ഉറപ്പാക്കാൻ

# എട്ട് പുതിയ നഗരാരോഗ്യ കേന്ദ്രങ്ങൾ

കൽപ്പറ്റ: വയനാടിന്റെ സമഗ്രാരോഗ്യം ഉറപ്പുവരുത്താൻ കൂടുതൽ ആരോഗ്യകേന്ദ്രങ്ങൾ തുറന്ന് സംസ്ഥാന സർക്കാർ. ജില്ലയിലെ മൂന്ന് പ്രധാന നഗരപരിധികളിലായി എട്ട് അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളാണ് പുതുതായി ആരംഭിച്ചത്. ഇതോടെ അതാതു പ്രദേശങ്ങളിൽ തന്നെ ചികിത്സാ സൗകര്യം ഉറപ്പുവരുത്തി പ്രധാന ആശുപത്രികളിലേതടക്കം തിരക്ക് കുറയ്ക്കാൻ കഴിഞ്ഞതാണ് ഏറ്റവും വലിയ പ്രത്യേകത. മെഡിക്കൽ ഓഫിസർ, രണ്ടു സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, സപ്പോർട്ടിങ് ജീവനക്കാരൻ എന്നതാണ് ഒരു യുഎച്ച്ഡബ്ല്യുസികളുടെ സ്റ്റാഫ് പാറ്റേൺ. കൽപ്പറ്റ നഗരസഭാ പരിധിയിൽ കൽപ്പറ്റ, പുത്തൂർവയൽ, എമിലി സുൽത്താൻ ബത്തേരി മേഖലയിൽ പൂതിക്കാട്, തൊടുവെട്ടി, ബീനാച്ചി എന്നിവിടങ്ങളിലാണ് അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ പ്രവർത്തിക്കുന്നത്. കൽപ്പറ്റയിൽ മുണ്ടേരി അർബൻ പ്രൈമറി ഹെൽത്ത് സെന്ററിനും സുൽത്താൻ ബത്തേരിയിൽ വേങ്ങൂർ യു.പി.എച്ച്.സിക്കും കീഴിലാണ് യു.എച്ച്.ഡബ്ല്യു.സികളുടെ പ്രവർത്തനം. അർബൻ പ്രൈമറി ഹെൽത്ത് സെന്ററില്ലാത്ത മാനന്തവാടി നഗരസഭാ പരിധിയിൽ പിലാക്കാവിലും പയ്യമ്പള്ളിയിലും യു.എച്ച്.ഡബ്ല്യു.സികൾ പ്രവർത്തിക്കുന്നു. മൂന്നു നഗരസഭാ പരിധികളിലും ഈ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപറേറ്ററെയും ഒരു മൾട്ടി പർപസ് വർക്കറെയും നിയോഗിച്ചിട്ടുണ്ട്. ഉച്ചയ്ക്ക് ഒന്നുമുതൽ വൈകീട്ട് ഏഴുവരെയാണ് സെന്ററുകൾ പ്രവർത്തിക്കുക. ഒരു യു.എച്ച്.ഡബ്ല്യു.സിയിൽ വർഷത്തിൽ ആറുലക്ഷം രൂപയുടെ മരുന്നുകൾ എൻ.എച്ച്.എം നൽകുന്നുണ്ട്. 14 കാർഡ് ടെസ്റ്റുകളും ചെയ്യുന്നുണ്ട്. ഇ–ഹെൽത്ത് സംവിധാനമുള്ള സംസ്ഥാനത്തെ ഏക യു.എച്ച്.ഡബ്ല്യു.സിയാണ് പയ്യമ്പള്ളിയിലേത്.

യു.എച്ച്.ഡബ്ല്യു.സികൾക്ക് നേതൃത്വം നൽകുന്ന അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളും രോഗീ സൗഹൃദ രീതിയിൽ മികച്ച പ്രവർത്തനം നടത്തിവരികയാണ്. അർബൻ പോളി ക്ലിനിക്കിന്റെ ഭാഗമായി വേങ്ങൂർ യു.പി.എച്ച്.സി.യിൽ ആഴ്ചയിൽ രണ്ടു തവണ ഇ.എൻ.ടി ഡോക്ടറുടെ സേവനം ലഭ്യമാണ്. സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പുവരുത്തി ഉച്ചയ്ക്ക് രണ്ടു മുതൽ അഞ്ചുവരെ ഡോക്ടർ രോഗികളെ പരിശോധിക്കും. ദന്തഡോക്ടറുടെയും ഒപ്റ്റോമെട്രിസ്റ്റിന്റെയും സേവനവും ലഭ്യമാണ്. രാവിലെ ഒമ്പതു മുതൽ വൈകീട്ട് ഏഴുവരെ യുപിഎച്ച്സി പ്രവർത്തിക്കും. ഒമ്പതു മുതൽ നാലു വരെയാണ് ലാബ് പ്രവർത്തിക്കുക. 40ഓളം പരിശോധനകൾ ലാബിൽ ലഭ്യമാവും. ആദ്യ ശ്രമത്തിൽ തന്നെ രണ്ടാംസ്ഥാനം നേടിയ ഖ്യാതിയും വേങ്ങൂരിനുണ്ട്. മുണ്ടേരി യു.പി.എച്ച്.സി.യിൽ ആഴ്ചയിൽ ഒരു ദിവസം സ്വകാര്യ മേഖലയിലെ ജനറൽ സർജന്റെ സേവനം ലഭ്യമാണ്. അഞ്ചു കായകൽപ് പുരസ്കാരങ്ങളാണ് ഈ ആരോഗ്യകേന്ദ്രം ഇതിനകം നേടിയിട്ടുള്ളത്. താഴെ തട്ടിൽ സമഗ്രാരോഗ്യം ഉറപ്പാക്കാൻ 15 മഹിളാ ആരോഗ്യ സമിതികളും ഇവിടെ പ്രവർത്തിക്കുന്നു. ജില്ലയിലെ യു.പി.എച്ച്.സികളിലും യു.എച്ച്.ഡ.ബ്ല്യു.സികളിലും ഒരാഴ്ചയ്ക്കകം ഇ–സഞ്ജീവനി സേവനങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളുമായാണ് ആരോഗ്യ വകുപ്പ് മുന്നോട്ടുപോകുന്നത്.



പിലാക്കാവ് നഗര ജനകീയ ആരോഗ്യ കേന്ദ്രം



# സങ്കീർണമായ 2 ശസ്ത്രക്രിയകൾ നടത്തി വലിയകുന്ന് താലൂക്ക് ആശുപത്രി



## ശസ്ത്രക്രിയ നടത്തിയത് ഉപകരണങ്ങൾ വാടകയ്ക്കെടുത്ത്

ആറ്റിങ്ങൽ: രണ്ടാഴ്ചക്കിടെ സങ്കീർണമായ രണ്ട് ശസ്ത്രക്രിയകൾ വിജയകരമായി നടത്തി വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ. താക്കോൽദ്വാര ശസ്ത്രക്രിയയും ഗർഭാശയ മുഴ നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയുമാണ് നടത്തിയത്. ആശുപത്രിയിൽ വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാത്തതിനാൽ ഉപകരണങ്ങളും യന്ത്ര സാമഗ്രികളും വാടകയ്ക്കെടുത്താണു ശസ്ത്രക്രിയ നടത്തിയത്. ഈ മാസമാദ്യം വെഞ്ഞാറമൂട് സ്വദേശിയായ 49 കാരിയുടെ ഗർഭാശയത്തിൽനിന്നു 16 ആഴ്ചയോളം വളർച്ചയെത്തിയ ഗർഭസ്ഥ ശിശുവിന്റെ വലുപ്പമുള്ള മുഴ നീക്കം ചെയ്തിരുന്നു. നിരവധി വർഷങ്ങൾക്ക് ശേഷമാണ് ആശുപത്രിയിൽ ടോട്ടൽ അബ്ഡോമിനൽ ഹിസ്ട്രക്ടമി ശസ്ത്രക്രിയ നടത്തിയത്.

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ സീനിയർ കൺസൽറ്റന്റ് ഡോ.ശ്രീകലയുടെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയത്. താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽറ്റൻറുമാരായ ഡോ.ഗീത വേണു ഗോപാൽ, ഡോ.രാഗിത, ഡോ. അശ്വതി, സീനിയർ നഴ്സിങ് ഓഫിസർമാരായ സിന്ധു, ഡോളി എന്നിവരടങ്ങുന്ന സംഘമാണ് ശസ്ത്രക്രിയ നടത്തിയത്. കഴിഞ്ഞ 19 ന് ആയിരുന്നു കിളിമാനൂർ സ്വദേശിയായ 35 കാരന് താക്കോൽദ്വാര ശസ്ത്രക്രിയ നടത്തിയത്. അസ്ഥിരോഗ വിഭാഗം സീനിയർ ഡോക്ടർമാരായ ഡോ.രവിശങ്കർ, ഡോ.സുനിൽ ലത്തീഫ്, അനസ്തേഷ്യ വിഭാഗം ഡോക്ടർ അശ്വതി എന്നിവരുടെ നേതൃത്വത്തിലാണ് ആന്റീരിയർ ക്രൂഷിയേറ്റ് ലിഗ്മെന്റ് റീകൺസ്ട്രക്ഷൻ ശസ്ത്രക്രിയയാണ് ആർത്രോസ്കോപിക് സംവിധാനം ഉപയോഗിച്ച് നടത്തിയത്.

ഹെഡ്നഴ്സുമാരായ സിന്ധു, മാഹിറ, ഡോളി, ഒ.ടി ടെക്നിഷ്യൻമാരായ ദീപു ആഷ്‌ലി അമല, അഖിൽ, അമാനുള്ള എന്നിവർ സഹായികളായി.

# ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവ് വന്നു: മന്ത്രി വീണാ ജോർജ്



## ആന്റിബയോട്ടിക്കുകളുടെ അമിതവും അനാവശ്യവുമായ ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണം: സംസ്ഥാനതല ഉദ്ഘാടനം

തിരുവനന്തപുരം: ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാനുള്ള ആരോഗ്യ വകുപ്പിന്റെ ഇടപെടലുകളുടെ ഫലമായി ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവ് ഉണ്ടായിട്ടുള്ളതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതായത് അത്രയും ശതമാനം ആന്റിബയോട്ടിക്കുകൾ ആവശ്യമില്ലാതെ കഴിച്ചിരുന്നത് നിർത്തലാക്കുവാർ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സാധിച്ചു. മെഡിക്കൽ സ്റ്റോറുകൾ ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിച്ചു. ജനങ്ങൾക്ക് അത് വിളിച്ചറിയിക്കാവുന്ന ടോൾ ഫ്രീ നമ്പർ നൽകുകയും അവബോധം ശക്തമാക്കുകയും ചെയ്തു. എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അമിതവുമായ ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വട്ടിയൂർക്കാവ് യു.പി.എച്ച്.സി.യിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് വാരാചരണത്തോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി വിവിധ തരത്തിലുള്ള എ.എം.ആർ അവബോധ പരിപാടികൾ നടത്തി വരുന്നു. ആന്റിബയോട്ടിക് സാക്ഷരതയിൽ ഏറ്റവും പ്രധാനമാണ് അവബോധം. സാധാരണക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് വീടുകളിലെത്തി ബോധവത്ക്കരണം നൽകുന്നത്. ആരോഗ്യ പ്രവർത്തകർക്കൊപ്പം മന്ത്രി വീണാ ജോർജും പങ്കു ചേർന്നു. വട്ടിയൂർക്കാവ് പ്രദേശത്തെ വീടുകളിൽ മന്ത്രി നേരിട്ടെത്തിയാണ് അവബോധം നൽകിയത്. ഒരാഴ്ച കൊണ്ട് പരമാവധി വീടുകളിൽ ആശ പ്രവർത്തകരെത്തി അവബോധം നൽകും.

ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് ലോകാരോഗ്യസംഘടന കണക്കാക്കിയിരിക്കുന്നത്. ഇതുൾക്കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. അതിന്റെ തുടർച്ചയായാണ് ഈ ബോധവത്ക്കരണവും.

വി.കെ.പ്രശാന്ത് എം.എൽ.എ, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. നന്ദകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, കാർസാപ്പ് കൺവീനർ ഡോ. അരവിന്ദ്, കൗൺസിലർ പാർവതി ഐ.എം, തിരുവനന്തപുരം എ.എം.ആർ നോഡൽ ഓഫീസർ ഡോ ആതിരാ മോഹൻ, മെഡിക്കൽ ഓഫീസർ ഡോ. അരുണിമ ജി.കെ, ആശാ വർക്കർ അനിത വിജയൻ, ഹരിതകർമ്മ സേനാംഗങ്ങളായ മോളി, രമ എന്നിവർ മന്ത്രിയോടൊപ്പം വീടുകളിലെത്തി ബോധവത്ക്കരണത്തിൽ പങ്കാളികളായി.

# ഹൃദ്രോഗ ചികിത്സയിൽ മികവോടെ ജനറൽ ആശുപത്രി



എറണാകുളം: ഹൃദയ വാൽവ് ചുരുങ്ങിയ 84 കാരിക്ക് പുതുജീവനേകി എറണാകുളം ജനറൽ ആശുപത്രി. ഹൃദയത്തിൽ നിന്ന് മഹാ രക്തധമനിയിലേക്കുള്ള അയോർട്ടിക് വാൽവ് അപകടകരമാം വിധം ചുരുങ്ങിപ്പോയതിനാൽ ഗുരുതരമായ ശ്വാസതടസ്സവുമായെത്തിയ വയോധികയെ ട്രാൻസ് കത്തീറ്റർ അയോർട്ടിക് വാൽവ് റിപ്ലേസ്മെന്റിന് (ടി എ വി ആർ) വിധേയമാക്കി.

അനസ്തേഷ്യ നൽകാതെയും നെഞ്ച് തുറക്കാതെയുമാണ് ശസ്ത്രക്രിയ നടത്തിയത്. തുടയിൽ അഞ്ച് മില്ലിമീറ്റർ മാത്രം വലുപ്പമുള്ള മുറിവുണ്ടാക്കി ഇതിലൂടെ കത്തീറ്റർ കടത്തി ഹൃദയവാൽവ് മാറ്റിവെക്കുകയായിരുന്നു. അത്യധികമായി കാൽസ്യം അടിഞ്ഞുകൂടിയ ബൈക്കസ്പിഡ് അയോർട്ടിക് വാൽവും മഹാരക്തധമനിയും ചികിത്സ കൂടുതൽ സങ്കീർണ്ണമാക്കി. കടുത്ത ശ്വാസതടസ്സം മൂലം കട്ടിലിൽനിന്ന് അനങ്ങാൻ പോലും പ്രയാസപ്പെട്ടിരുന്ന രോഗി ശസ്ത്രക്രിയ കഴിഞ്ഞു മൂന്നാം ദിവസം പരസഹായമില്ലാതെ നടക്കുകയും ചെയ്തു. ഇത്രയും പ്രായമുള്ള ഒരു രോഗിയിൽ ടി എ വി ആർ ചികിത്സ ജനറൽ ആശുപത്രിയിൽ ഇതാദ്യമായാണ് നടത്തുന്നത്. 2022ൽ രാജ്യത്താദ്യമായി ജില്ലാതല ആശുപത്രിയിൽ നെഞ്ച് തുറക്കാതെ വാൽവ് മാറ്റ ശസ്ത്രക്രിയ നടത്തി ജനറൽ ആശുപത്രി ചരിത്രം കുറിച്ചിരുന്നു.

# സ്നേഹദൂതുമായി തൃപ്പനച്ചി കുടുംബാരോഗ്യകേന്ദ്രം



മലപ്പുറം: ലോക പ്രതിരോധ ദിനാചരണത്തിന്റെ ഭാഗമായി വ്യത്യസ്തമായ പ്രതിരോധ സന്ദേശവുമായി തൃപ്പനച്ചി കുടുംബാരോഗ്യകേന്ദ്രം.

പുൽപ്പറ്റ പഞ്ചായത്തിൽ പ്രതിരോധ കുത്തിവെയ്പ്പ് ഭാഗികമായി പൂർത്തിയാക്കിയ 450 പിഞ്ചു കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾക്കും ഇതുവരെ കുത്തിവെയ്പ്പെടുക്കാത്ത 50 കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾക്കും കുത്തിവെയ്പ്പിന്റെ പ്രാധാന്യം അറിയിച്ചു കൊണ്ട് കത്തെഴുതി അയച്ചാണ് വേറിട്ട മാതൃകയായത്.

പുഞ്ചിരി മായാതിരിക്കാൻ സ്നേഹദൂത് എന്ന പേരിൽ കുത്തിവെയ്പ്പെടുത്ത് കുഞ്ഞുങ്ങൾക്ക് രോഗം വരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന സ്നേഹ പൂർണമായ സന്ദേശമാണ് അവരുടെ മേൽ വിലാസത്തിൽ അയച്ചത്. പുൽപറ്റ പഞ്ചായത്ത് പ്രസിഡന്റും തൃപ്പനച്ചി കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുമാണ് കത്തിൽ ഒപ്പ് വച്ചത്.

പഞ്ചായത്തിന്റെ ആരോഗ്യ ശലഭം പദ്ധതിയുടെ ഭാഗമായി ലോക പ്രതിരോധ ദിനത്തിൽ വീടുകളിൽ കത്തു ലഭിക്കുന്ന തരത്തിലാണ് ആരോഗ്യപ്രവർത്തകർ പോസ്റ്റ് ഓഫീസ് വഴി സ്നേഹദൂതയച്ചത്.

തുടർന്ന് രോഗപ്രതിരോധ ദിനത്തിൽ രക്ഷിതാക്കളെ കുത്തിവെയ്പ്പ് ക്യാംപിൽ പങ്കെടുപ്പിച്ചു. മെഡിക്കൽ ഓഫീസർ എം.ടി റഷീന, ഹെൽത്ത് ഇൻസ്പെക്ടർ സി.കെ നാസർ അഹമ്മദ്, പബ്ലിക് ഹെൽത്ത് നേഴ്സ് എംപി രജിനി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

എറണാകുളം ജില്ലാ ആശുപത്രി

# ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് തയ്യാറാകുന്നു

## രാജ്യത്ത് ഇതാദ്യം



എറണാകുളം ജനറൽ ആശുപത്രി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് സജ്ജമാകുന്നു. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ലാ ആശുപത്രി ഹൃദയം മാറ്റിവക്കൽ ശസ്ത്രക്രിയ നടത്താൻ ഒരുങ്ങുന്നത്. ഇതിനുള്ള ലൈസൻസ് കെ. സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ആശുപത്രി സൂപ്രണ്ടിന് കൈമാറി.

# പാപ്സ്മിയർ ടെസ്റ്റ് ഇനി ജനകീയാരോഗ്യ കേന്ദ്രത്തിലും

## തുടക്കം കുറിച്ച് മുള്ളൂൽ ജനകീയാരോഗ്യകേന്ദ്രം

കണ്ണൂർ: ഗർഭാശയഗള കാൻസർ കണ്ടെത്തുന്നതിനുള്ള പാപ്സമിയർ പരിശോധനയ്ക്ക് തുടക്കം കുറിച്ച് പട്ടുവം ഗ്രാമപഞ്ചായത്ത്. സംസ്ഥാനത്തെ ആദ്യത്തെ പാപ്സ്മിയർ ടെസ്റ്റിംഗ് സംവിധാനമാണ് കണ്ണൂർ ജില്ലയിലെ പട്ടുവം കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള മുള്ളൂൽ ജനകീയാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചത്.


മുള്ളൂൽ ജനകീയാരോഗ്യ കേന്ദ്രത്തിൽ പാപ്സ്മിയർ ടെസ്റ്റ് പട്ടുവം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി ശ്രീമതി ഉദ്ഘാടനം ചെയ്യുന്നു.

ഗർഭാശയ ഗളത്തിൽ നിന്നും കോശങ്ങൾ ശേഖരിച്ചു പരിശോധിക്കുന്ന ലളിതമായ ടെസ്റ്റ് ആണിത്. പാപ് ടെസ്റ്റ്, സെർവിക്കൽ സ്മിയർ എന്നീ പേരുകളിലും അറിയപ്പെടുന്നു. ഗർഭാശയ മുഖത്തെ അർബുദങ്ങൾ അടക്കം മറ്റു പല കോശ വ്യതിയാനങ്ങളും മുൻകൂട്ടി കണ്ടെത്താൻ ഉതകുന്ന ഒരു എളുപ്പമുള്ള പരിശോധനയാണിത്. മാസത്തിലെ എല്ലാ രണ്ടാമത്തെ ചൊവ്വാഴ്ചയും ജനകീയാരോഗ്യ കേന്ദ്രത്തിൽ വെച്ച് ഈ ടെസ്റ്റ് നടത്തി വരുന്നു.

ജീവിത ശൈലീ രോഗ നിർണയവുമായി ബന്ധപ്പെട്ടു നടത്തപ്പെടുന്ന ശൈലി സർവ്വേയിൽ കണ്ടെത്തുന്നവരെയും 30 വയസിനു മുകളിൽ പ്രായമുള്ള മറ്റു സ്ത്രീകളെയും ആശാ വർക്കർമാരുടെ സേവനം ഉപയോഗിച്ച് പാപ് ടെസ്റ്റിംഗ് സംവിധാനത്തെ പറ്റിയുള്ള വിവരങ്ങൾ അറിയിക്കുകയും ടെസ്റ്റിംഗ് ആവശ്യമായവരെ മിഡ് ലെവൽ സർവീസ് പ്രൊവൈഡർ അഥവാ എം.എൽ.എസ്.പി നഴ്സുമാർ സ്ക്രീൻ ചെയ്തു അടുത്ത മാസങ്ങളിലെ പാപ് ടെസ്റ്റിംഗിനായി എത്തിക്കുകയും ചെയ്യുന്നു. രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ പ്രത്യേകം പരിശീലനം ലഭിച്ച എം.എൽ.എസ്.പി നഴ്സുമാർ സ്മിയർ പരിശോധന നടത്തുകയും പ്രസ്തുത സാമ്പിളുകൾ പ്രത്യേക ദൂതൻ വഴി തലശ്ശേരി മലബാർ കാൻസർ സെന്ററിൽ എത്തിച്ചു പരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്യുന്നു. ഏഴോം ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ വാഹനം ഇതിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. കാൻസർ രോഗ നിർണ്ണയത്തിനായി നിലവിൽ ലഭ്യമായിട്ടുള്ള പ്രത്യേക ഫണ്ടുകൾ ചെലവഴിച്ചാണ് ഈ ടെസ്റ്റിംഗ് സംവിധാനം ഒരുക്കിയിരിക്കുന്നത് . കണ്ണൂർ ജില്ലാ പഞ്ചായത്തു പദ്ധതിയായ 'കണ്ണൂർ FIGHTS കാൻസർ' പദ്ധതിയും, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയും പാപ് സ്മിയർ ടെസ്റ്റിംഗിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട് .

തുടക്കത്തിലേ കണ്ടെത്താൻ സാധിച്ചാൽ മികച്ച രീതിയിൽ ചികിൽസിച്ചു ഭേദമാക്കാൻ സാധിക്കുന്ന ഗർഭാശയഗള കാൻസർ നിർണ്ണയത്തിനായി ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ തന്നെ സംവിധാനം ഒരുക്കപ്പെടുന്നത് സംസ്ഥാനത്ത് ആദ്യമായാണ്. പട്ടുവം ഗ്രാമ പഞ്ചായത്തിന്റെയും മുള്ളൂൽ ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെയും കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ, നാഷണൽ ഹെൽത്ത് മിഷൻ എന്നിവയുടെയും സമ്പൂർണ്ണ സഹകരണത്തോടെ പാപ് ടെസ്റ്റ് പട്ടുവം പഞ്ചായത്തു പ്രസിഡന്റ് പി. ശ്രീമതി ഉദ്ഘാടനം ചെയ്തു. നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ അനിൽ കുമാർ പി.കെ, പട്ടുവം കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. രശ്മി മാത്യു, ഡോ. അരുൺ ശങ്കർ എന്നിവർ സംസാരിച്ചു.

ക്ഷയരോഗം

# ഊർജ്ജിത പ്രവർത്തനങ്ങളുമായി കൊല്ലം ജില്ല



കൊല്ലം: ജില്ലയിൽ ക്ഷയരോഗ നിർമാർജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു. ജില്ലയിൽ നിന്നും പരമാവധി രോഗികളെ കണ്ടെത്തി ചികിത്സയും, തുടർ ചികിത്സയും സാധ്യമാക്കി ക്ഷയരോഗത്തെ പൂർണമായും തുടച്ചു നീക്കാനുള്ള ഊർജ്ജിത പരിശ്രമങ്ങളുമായി മുന്നോട്ടു പോകുകയാണ് ജില്ലാ ടി.ബി സെന്റർ. ചികിത്സിച്ചാൽ പൂർണമായും ഭേദമാക്കാൻ സാധിക്കുന്ന രോഗമാണ് ക്ഷയരോഗം എന്നതിനാൽ പരമാവധി ആളുകളെ ചികിത്സയുടെ ആവശ്യകതയെപ്പറ്റി ബോധവാന്മാരാക്കുകയാണ് പ്രവർത്തനങ്ങളുടെ ആദ്യ പടി. രോഗ സാധ്യതയുള്ളവരെ കണ്ടെത്തുവാൻ സർവ്വേയും സ്ക്രീനിംഗും നടത്തുന്നതാണ് അടുത്ത ഘട്ടം. തീരമേഖല, ആദിവാസി മേഖല, നഗര പ്രദേശങ്ങൾ, ചേരി പ്രദേശങ്ങൾ, വൃദ്ധ സദനങ്ങൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, എന്നിവിടങ്ങളിലാണ് പ്രധാനമായും സർവ്വേയും സ്ക്രീനിംഗും നടത്തുന്നത്. ഉത്തരേന്ത്യയിലും കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും ജില്ലയിലേക്ക് കൂടുതലായി തൊഴിലാളികൾ വരുന്ന സാഹചര്യം കണക്കിലെടുത്തു ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ സ്ക്രീനിംഗും സർവ്വേയും ശക്തിപ്പെടുത്തുന്നുമുണ്ട്. ജീവിത ശൈലീ രോഗ നിർണയ സർവ്വേയും, സ്ക്രീനിംഗും ആരോഗ്യ വകുപ്പ് കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ഇതുവരെ 40,485 പേർ പരിശോധന പൂർത്തിയാക്കി. ഇവരിൽ 1260 പേരിൽ ക്ഷയരോഗം കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഇത് യഥാക്രമം 54,334 ഉം 1598 ഉം വീതം ആയിരുന്നു. സർവ്വേകൾ കൂടാതെ മെഡിക്കൽ ക്യാമ്പുകൾ, വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ, സ്വകാര്യ ആശുപത്രികളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തങ്ങൾ എന്നിവ വഴിയാണ് ജില്ലയിൽ പ്രധാനമായും ക്ഷയരോഗ നിർമാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നത്. ആധുനിക രീതിയിലുള്ള സി.ബി നാറ്റ്, ട്രൂനാറ്റ് പരിശോധന എന്നിവ ജില്ല ടി.ബി സെന്റർ, കരുനാഗപ്പള്ളി നെഞ്ചു രോഗാശുപത്രി, പാരിപ്പള്ളി ഗവ:മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ലഭ്യമാണ്. രോഗ ചികിത്സ വ്യാപകവും കാര്യക്ഷമവുമാക്കുന്നതിനുമായി ജില്ലയിൽ 30 സ്വകാര്യ ആശുപതികളെ സ്റ്റെപ് സെന്ററുകളായി നിശ്ചയിച്ചിട്ടുണ്ട്.ഈ ആശുപത്രികളിൽ ക്ഷയരോഗ ചികിത്സ തികച്ചും സൗജന്യമാണ്. കഴിഞ്ഞ വർഷം ജില്ലയിൽ 10 ഗ്രാമ പഞ്ചായത്തുകളെ ക്ഷയരോഗ വിമുക്ത പഞ്ചായത്തുകളായി കേന്ദ്ര ആരോഗ്യ മന്ത്രാലയം കണ്ടെത്തിയിട്ടുണ്ട്.

# ഡെങ്കിപ്പനി പ്രതിരോധത്തിനായി കൈകോർക്കാം




## ഊർജ്ജിത ഉറവിട നശീകരണ ക്യാമ്പയിൻ

കോഴിക്കാട്: ഊർജ്ജിത ഉറവിട നശീകരണ ക്യാമ്പയിന്റെ ഭാഗമായി, സിവിൽ സ്റ്റേഷനിലെ ഓഫീസുകളിലും പരിസരങ്ങളിലും ഈഡിസ് കൊതുകിന്റെ ഉറവിട നശീകരണ, ബോധവൽക്കരണ യജ്ഞം സംഘടിപ്പിച്ചു. ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, ആരോഗ്യ കേരളം എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് വിഭാഗവും, ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് വിദ്യാർത്ഥികളും ചേർന്നാണ് ഓഫീസുകൾക്കകത്തും പരിസരങ്ങളിലും ഈഡിസ് കൊതുകൾ ഉൾപ്പെടെ പെരുകാനുള്ള സാഹചര്യങ്ങൾ കണ്ടെത്തി, ഉറവിട നശീകരണവും, അവബോധ പ്രവർത്തനങ്ങളും നടത്തിയത്. കളക്ടറേറ്റ് പരിസരത്ത് നടത്തിയ ചടങ്ങിൽ ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ രാജേന്ദ്രൻ സംസാരിച്ചു. നൂറിലധികം വരുന്ന ഫീൽഡ് ജീവനക്കാർ 30 സ്ക്വാഡുകളായി ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾക്ക് സീനിയർ ബയോളജിസ്റ്റ് എസ് സബിത, ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ റിയാസ് കെ പി, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്–2 ഓഫീസർ ജോയ് തോമസ്, പ്രഭാകരൻ എൻ തുടങ്ങിയവർ നേതൃത്വം നൽകി.

പ്രത്യേകാവശ്യങ്ങൾക്കായി വെച്ചിരിക്കുന്നതോ, വലിച്ചെറിഞ്ഞിരിക്കുന്നതോ ആയ അനവധി തരം കണ്ടെയിനറുകളിൽ കെട്ടി നിൽക്കുന്ന ശുദ്ധജലത്തിലാണ് ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകുന്നത്. ആഴ്ചയിലൊരിക്കൽ ഇത്തരം പാത്രങ്ങളിലെ ജലം നീക്കി ഡ്രൈ ഡേ ആചരിച്ച് ഈഡിസിന്റെ ഉറവിട നശീകരണം നടത്തി ഡെങ്കിയെ പ്രതിരോധിക്കാവുന്നതാണ്.

ഇടവിട്ട് മഴ പെയ്തു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൊതുകിന്റെ ഉറവിട നശീകരണത്തിനായി ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുന്ന പ്രവർത്തനങ്ങളിൽ (വെള്ളിയാഴ്ച – വീടുകൾ, ശനി – സ്ഥാപനങ്ങൾ, ഞായർ – വീടുകൾ) റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാവരുടെയും സജീവമായ പങ്കാളിത്തം ഉണ്ടാകണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അഭ്യർത്ഥിച്ചു.

# 'ഉണ്ണിക്കൊരു താരാട്ട്' ഹിറ്റായി വീഡിയോ മത്സരം



തൃശൂർ: ദേശീയ നവജാത ശിശുസംരക്ഷണ വാരാചരണ സന്ദേശം പൊതുജനങ്ങളിലേക്കെത്തിക്കാൻ വാരാചരണത്തിന്റെ ജില്ലാതല പൊതുപരിപാടി കൂടാതെ 'ഉണ്ണിക്കൊരു താരാട്ട്' എന്ന ഓൺലൈൻ വീഡിയോമത്സരം സംഘടിപ്പിച്ചു. കുഞ്ഞിന് 28 ദിവസം പ്രായം മാനദണ്ഡമായി നടത്തിയ മത്സരത്തിൽ മാതാപിതാക്കൾ നവജാതശിശുവുമായി ഊഷ്മള ബന്ധം കാണിക്കുന്ന താരാട്ട് പാട്ടിന്റെ അകമ്പടിയോടെയുള്ള വീഡിയോ ആണ് തയ്യാറാക്കാൻ ആവശ്യപ്പെട്ടത്. ലഭിച്ച വീഡിയോകൾ 10 മിനിറ്റിനകം 'National Health Mission, Thrissur' ന്റെ ഫേസ് ബുക്ക് പേജിൽ പോസ്റ്റ് ചെയ്യുകയും ഏറ്റവും കൂടുതൽ ലൈക്ക് കിട്ടുന്ന വീഡിയോകൾക്ക് സമ്മാനം നൽകുകയുമാണ് ഉദ്ദേശം. പൊതുജനങ്ങളിലേക്ക് സന്ദേശം പ്രചരിപ്പിക്കാൻ പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുകയും ഇതിനായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പരമാവധി ഉപയോഗിക്കുകയുമാണ് പരിപാടി ലക്ഷ്യമിട്ടത്.

കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം

# ദേശീയ അംഗീകാര തിളക്കത്തിൽ




പാലക്കാട്: സമഗ്ര ആരോഗ്യ പരിചരണത്തിലൂന്നിയ കൂട്ടായ പ്രവർത്തനത്തിലൂടെ ദേശീയ ഗുണനിലവാര അംഗീകാരം (NQAS) നേടിയിരിക്കുകയാണ് പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം. പ്രാഥമിക ആരോഗ്യ കേന്ദ്രമായിരുന്ന കാലത്ത് പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിച്ചിരുന്ന സ്ഥാപനം 2018 ലാണ് സർക്കാരിന്റെ അഭിമാന പദ്ധതിയായ ആർദ്രം മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട് മികച്ച കെട്ടിട ഘടനയോടെയും മികച്ച സേവനങ്ങളിലൂടെയും കുടുംബാരോഗ്യ കേന്ദ്രമായി മാറുന്നത്. തുടർന്ന് ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും രോഗിസൗഹൃദ അന്തരീക്ഷം ഉറപ്പാക്കിയും ഘട്ടം ഘട്ടമായി ദേശീയ ഗുണനിലവാര മാനദണ്ഡങ്ങൾ നേടിയെടുത്തു. വിവിധ പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ 92.41 ശതമാനം മാർക്ക് നേടിയാണ് കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം ഈ നേട്ടം സ്വന്തമാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ആളുകളുടെ ആരോഗ്യം ഉറപ്പാക്കുന്നതിന് ആരോഗ്യ ക്യാമ്പുകൾ, ജീവിതശൈലി രോഗങ്ങൾക്ക് കൃത്യമായ ചികിത്സയും ആരംഭത്തിലെ കണ്ടെത്തുന്നതിന് സ്ക്രീനിങ്ങും നടത്തുക, പകർച്ച വ്യാധികൾ തടയുന്നതിന് വാർഡ് തലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഡോക്ടറെ കാണാനുള്ള കാത്തിരിപ്പിന്റെ വിരസത ഒഴിവാക്കാൻ വായന മൂലയൊരുക്കി, വിവിധ പ്രസിദ്ധീകരണങ്ങൾ ഇവിടെ ലഭ്യമാക്കി. ഔഷധ ഉദ്യാനവും ആരോഗ്യ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. നാല് ഡോക്ടർമാരുടെ സേവനമാണ് നിലവിൽ ഇവിടെ ഉള്ളത്. NQAS അംഗീകാരം ലഭിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടുതൽ മികച്ച ആശുപത്രി വികസന പ്രവർത്തനങ്ങൾക്കായി രണ്ട് ലക്ഷം രൂപ പാരിതോഷികമായി ലഭിക്കും. ജില്ലയിൽ NQAS നേടുന്ന പതിനൊന്നാമത്തെ ആരോഗ്യ സ്ഥാപനമാണ് ഇത്.